**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2738** **13-12-2022 - ൽ മറുപടിയ്ക്ക്**

**സ്പിന്നിംഗ് മിൽ ജീവനക്കാരുടെ വേതന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാരുടെ വേതന വർദ്ധനവ് നടത്തിയിട്ട് എത്ര നാളായെന്ന് അറിയിക്കുമോ; അവസാനമായി വേതന വർദ്ധനവ് നൽകിയതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളായ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാരുടെ വേതന വർദ്ധനവ് പല കാലങ്ങളിലായിട്ടാണ് നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്**<br><br>സീതാറാം ടെക്സ്റ്റൈൽസിൽ 2011ലാണ് അവസാനമായി സേവനവേതന വ്യവസ്ഥ കരാറും വേതന വർദ്ധനവും നടപ്പാക്കിയത്.<br><br>**ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്**<br><br>ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിൽ സൂപ്പർവൈസറി കേഡറിൽ വരുന്ന തസ്തികകളിൽ 2009ലാണ് ഏറ്റവും ഒടുവിലായി ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുള്ളത്. സ്റ്റാഫ് കാറ്റഗറിയ്ക്കും വർക്കർ കാറ്റഗറിയ്ക്കും ദീർഘകാല സേവന വേതന കരാറിന്റെ അടിസ്ഥാനത്തിലാണ് ശമ്പളം നിശ്ചയിക്കുന്നത്. മില്ലിൽ ദീർഘകാല സേവന വേതന കരാർ നിലവിൽ ഇല്ല.<br><br>മാനേജീരിയൽ വിഭാഗത്തിലും സ്റ്റാഫ് കാറ്റഗറിയിലും സൂപ്പർവൈസറി കാറ്റഗറിയിലും വർക്കർ കാറ്റഗറിയിലുമായി ജോലി ചെയ്യുന്ന എല്ലാവർക്കും 01.03. 2022ൽ 10% ശമ്പള വർദ്ധനവ് നൽകിയിട്ടുണ്ട്.<br><br>വർക്കർ കാറ്റഗറിയിൽ എല്ലാവരും ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്.<br><br>**കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്**<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽ വരുന്ന മില്ലുകളിൽ വെവ്വേറെ |

| | | | |
|---|---|---|---|
| | | | ദീർഘകാല കരാർ(എൽ.ടി.എ) പ്രകാരമാണ് ഓഫീസ് ജീവനക്കാരുടെയും തൊഴിലാളികളുടെയും സേവന വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നത്.<br><br>കോർപ്പറേഷന്റെ കീഴിൽ വരുന്ന ഉദുമ ടെക്സ്റ്റൈൽ മിൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ്, കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് എന്നിവിടങ്ങളിൽ തൊഴിലാളികളുടെ പുതിയ സേവന വേതന വ്യവസ്ഥ 2022 ജനുവരി മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ടി മില്ലുകളിലെ ഓഫീസ് ജീവനക്കാർക്ക് 2011 ൽ ആണ് അവസാനമായി സേവന വേതന വ്യവസ്ഥ പുതുക്കി നൽകിയിട്ടുള്ളത്. മാനേജീരിയൽ, സൂപ്പർവൈസറി, ഹെഡ് ഓഫീസ് ജീവനക്കാർ എന്നിവരുടെ സേവന വേതന വ്യവസ്ഥ പുതുക്കിയിട്ടുള്ളത് 2009 ൽ ആണ്.<br><br>കോർപ്പറേഷന്റെ കീഴിൽ വരുന്ന കോട്ടയം ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ്, പ്രഭുറാം സ്പിന്നിംഗ് മിൽസ് എന്നിവിടങ്ങളിൽ സേവന വേതന വ്യവസ്ഥ അവസാ മായി നടപ്പിലാക്കിയത് 2010 ൽ ആണ്. |
| (ബി) | ഏതൊക്കെ സ്പിന്നിംഗ് മില്ലുകളിൽ ജീവനക്കാരുടെ വേതന വർദ്ധനവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും പൂർത്തിയാകാത്ത മില്ലുകളിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദവിവരം ലഭ്യമാക്കുമോ; | (ബി) | **<u>സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്</u>**<br><br>സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിലെ സേവന വേതന കരാർ പുതുക്കുന്നതിനു വേണ്ടി പല ഘട്ടങ്ങളിലായി ചർച്ച നടത്തി, ഏകദേശം 90% പൂർത്തിയായി കഴിഞ്ഞു. അടുത്ത ഘട്ടം ചർച്ചയോടു കൂടി പ്രസ്തുത പ്രവർത്തി പൂർത്തീകരിക്കുന്നതും തൊഴിലാളി യൂണിയനുകളും മാനേജ്മെന്റുമായി ഉടമ്പടി കരാറിലേക്ക് എത്തുന്നതുമാണ്<br><br>**<u>ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്</u>**<br><br>മില്ലിലെ സേവന വേതന കരാർ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രാരംഭ ചർച്ചകൾ പൂർത്തീകരിച്ചിട്ടുണ്ട്. കമ്പനി പുന:പ്രവർത്തനം ആരംഭിച്ചത് 2009ൽ ആയതിനാലാണ് ദീർഘകാല കരാർ നടപ്പാക്കാൻ ഇതുവരെ സാധിക്കാതിരുന്നത്.<br><br>**<u>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്</u>**<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽ വരുന്ന ഉദുമ ടെക്സ്റ്റൈൽ മിൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ്, കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് എന്നിവിടങ്ങളിൽ തൊഴിലാളികളുടെ പുതിയ സേവന വേതന വ്യവസ്ഥ 2022 ജനുവരി മുതൽ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിലെ ഓഫീസ് ജീവനക്കാരുടെ പുതുക്കിയ സേവന വേതന വ്യവസ്ഥ നടപ്പിലാക്കിയിട്ടില്ല. ചർച്ചകൾ പുരോഗമി ക്കുകയാണ്.<br><br>കോർപ്പറേഷന്റെ കീഴിൽ വരുന്ന കോട്ടയം ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ്, പ്രഭുറാം സ്പിന്നിംഗ് മിൽസ് എന്നിവിടങ്ങളിലെ സേവന വേതന വ്യവസ്ഥ പുതുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വേതന വർദ്ധനവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ച് ജീവനക്കാർക്ക് പുതുക്കിയ വേതനം എപ്പോൾ നൽകാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) | സേവന വേതന വർദ്ധനവുമായി ബന്ധപ്പെട്ട സീതാറാം ടെക്സ്റ്റൈൽസിന്റെ നടപടികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിച്ച് പുതുക്കിയ വേതനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിൽ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം സേവന വേതന കരാർ നടപ്പാക്കാൻ സാധിക്കുന്നതാണ്.<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരികയാണ്. ചർച്ചകൾ പൂർത്തിയാക്കി എത്രയും വേഗം പുതുക്കിയ വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ